മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അംഗനവാടികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പുതിയ ഒരു ഭീഷണികൂടി ഉയർന്നുവന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് അവരുടെ വിഹിതം കുറയ്ക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് 10 ശതമാനം കൂടുതൽ അനുവദിച്ച തുകയുള്ളതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങളൊക്കെ സംസ്ഥാന ഗവൺമെന്റ് ചെയ്യുകയോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ നാമമാത്രമായ പങ്കാളിത്തം ഉണ്ടാവുകയോ ചെയ്യുക എന്നൊരു സമീപനമാണുള്ളത്. അവർ 10 ശതമാനം സംസ്ഥാനങ്ങൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ തുകയാണ് വെട്ടിക്കുറയ്ക്കാൻ പോകുന്നത്. ഇന്ന് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാം വെട്ടിക്കുറയ്ക്കാനാണ് അവർ ശ്രമിക്കുന്നത്. അതിനോട് ശക്തമായ എതിർപ്പ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അതിന്റെ സബ് കമ്മിറ്റിയിൽ ഞാനുമുണ്ടായിരുന്നു. അംഗനവാടി, അതുപോലെ സ്കൂളുകളിൽ മാനസിക വൈകല്യമുള്ള കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള റിസോഴ്സസ് ടീച്ചേഴ്സ്, Physically/mentally challenged ആയിട്ടുള്ളവർക്കുള്ള ക്ഷേമ പദ്ധതികൾ തുടങ്ങിയ കാര്യങ്ങളിൽ ഒരു കുറവും വരുത്താൻ പാടില്ലെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം. തുടർന്നും ആ സമീപനം സ്വീകരിക്കും. അംഗനവാടികളുടെ കാര്യത്തിൽ മന്ത്രി വളരെ അനുഭാവപൂർവ്വമായ മറുപടിയാണ് പറഞ്ഞത്. ഗവൺമെന്റിനും ആ സമീപനം തന്നെയാണ്. അവർ നല്ല ജോലിയാണ് ചെയ്യുന്നത്, ആക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അവർ ചെയ്യുന്ന സേവനത്തിനനുസരിച്ചുള്ള അംഗീകാരം അവരുടെ വേതനത്തിന്റെ കാര്യത്തിൽ കിട്ടുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

16. യുനാനി ഡിസ്പെൻസറികൾ ആരംഭിക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ആരോഗ്യ മേഖലയിലെ ആയുഷ് വകുപ്പിൽ ഉൾപ്പെട്ട പുരാതന ചികിത്സാ സമ്പ്രദായമായ യുനാനിക്ക് വേണ്ടവിധത്തിലുള്ള പരിഗണന ലഭിക്കുന്നില്ലെന്ന യുനാനി ഡോക്ടർമാരുടെ പരാതിയാണ് ഞാൻ ഇവിടെ സബ്മിഷനായി ഉന്നയിക്കുന്നത്. ആയുർവേദ, യോഗ, യുനാനി, സിദ്ധ, ഹോമിയോ ഇവയെല്ലാം കൂടി ചേർന്നതാണ് ആയുഷ്. അതിൽ ഉൾപ്പെട്ടിട്ടുള്ള യുനാനിയെ വേണ്ടവിധത്തിൽ പരിഗണിക്കുന്നില്ലെന്നുള്ളതാണ് അവരുടെ പരാതി. അതിപുരാതന കാലംതൊട്ട് കേരളത്തിൽ പ്രചാരത്തിലുള്ളതും ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചിട്ടുള്ളതുമായ യുനാനിക്ക് വേണ്ടത്ര അംഗീകാരം സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്നില്ല. ആയുഷ് വകുപ്പിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള ഈ വൈദ്യശാസ്ത്ര ശാഖയുമായി ബന്ധപ്പെട്ട് 1991-ൽ കാസർഗോഡ് സ്ഥാപിച്ച യുനാനി ഡിസ്പെൻസറി മാത്രമാണുള്ളത്. യുനാനി വൈദ്യശാസ്ത്രത്തെ മറ്റ് വൈദ്യശാസ്ത്രങ്ങളെ പോലെ വികസിപ്പിക്കുന്നതിന് മതിയായ സഹകരണം ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്ന് ലഭിക്കുന്നില്ല. മലബാർ മേഖലയിലെ പല തദ്ദേശഭരണ സ്ഥാപനങ്ങളും അവരുടെ അധികാര പരിധിയിൽ യുനാനി ഡിസ്പെൻസറികൾ തുടങ്ങുവാൻ പ്രാഥമിക സൗകര്യങ്ങൾ നൽകാമെന്ന് അറിയിച്ചിട്ടും അനുകൂലമായ തീരുമാനം ഇതുവരെയുണ്ടായിട്ടില്ല. യുനാനി ചികിത്സാ രീതി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ വ്യാപകമാണ്. ഉത്തരേന്ത്യയിൽ മാത്രമല്ല കർണാടകയിലും തമിഴ്നാട്ടിലും ഈ ചികിത്സാ രീതിയെ നല്ല രീതിയിൽ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ആയുഷിൽപ്പെട്ട മറ്റ് ചികിത്സാ രീതികൾക്ക് നാം നൽകുന്ന പ്രോത്സാഹനവും പിന്തുണയും യുനാനിക്കും നൽകണം. എൻ.എച്ച്.എം. ഫണ്ടിൽ നിന്നും ആയുഷിന് അനുവദിച്ച ഫണ്ടിൽ വിനിയോഗിച്ചത് കേവലം 80 ശതമാനത്തിൽ താഴെയാണ്. 20 ശതമാനം തുക വിനിയോഗിക്കാതെ ലാപ്സാക്കി കളഞ്ഞിട്ടുപോലും അതിൽ നിന്ന് ഒരു വിഹിതവും യുനാനി ചികിത്സയുടെ വികസനത്തിനും വ്യാപനത്തിനും വേണ്ടി നൽകാൻ തയ്യാറായിട്ടില്ല. കേരളത്തിൽ യുനാനി ഡോക്ടർമാരുടെയും യുനാനി ചികിത്സയെ ആശ്രയിക്കുന്ന രോഗികളുടെയും എണ്ണം കൂടി വരുന്ന പശ്ചാത്തലംകൂടി നമ്മൾ ഈ സാഹചര്യത്തിൽ പരിഗണിക്കണം. മലബാറിലെ ചില മേഖലകളിൽ യുനാനി ഡിസ്പെൻസറികളും യുനാനി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, പുരാതന ചികിത്സാ സമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന നയമാണ് സർക്കാർ എടുത്തിട്ടുള്ളത്. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് നമ്മുടെ ദീർഘകാല ആവശ്യമായ ആയുഷ് വകുപ്പ് രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം അടുത്ത മാസം 5-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയാണ്. ഇതോടെ നമ്മുടെ തനത് ചികിത്സാ സമ്പ്രദായങ്ങളായ ആയുർവ്വേദം, യുനാനി, നാച്ചുറോപ്പതി, സിദ്ധ, ഹോമിയോ വിഭാഗങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും നാന്ദി കുറിക്കാൻ കഴിയുമെന്ന് കരുതുന്നു. സംസ്ഥാനത്ത് നിലവിൽ ഒരു സർക്കാർ യുനാനി ഡിസ്പെൻസറിയും എൻ.എച്ച്.എം. ഫണ്ടിംഗ് മുഖേന 18 താല്ലാലിക

ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്. മലപ്പുറം ജില്ലയിലെ വളാഞ്ചേരി, കോട്ടയ്ക്കൽ, അങ്ങാടിപ്പുറം, എടരിക്കോട്, എറണാകുളം ജില്ലയിലെ ആലുവ എന്നീ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും യുനാനി ഡിസ്പെൻസറികൾ ആരംഭിക്കണമെന്നുള്ള നിവേദനം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. യുനാനി ഡിസ്പെൻസറികൾ ആരംഭിക്കാൻ 2014-15 വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നില്ല. സംസ്ഥാനത്ത് ആയുർവ്വേദം, ഹോമിയോ ആശുപത്രികളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. പുതുതായി നിലവിൽ വന്ന പഞ്ചായത്തുകൾ ഒഴികെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ഡിസ്പെൻസറികൾ തുടങ്ങിക്കഴിഞ്ഞു. ഈ സർക്കാർ വന്നതിനുശേഷം 110 ഹോമിയോ ആശുപത്രികളാരംഭിച്ചു. എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. 2014-15-ൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന കൂടുതൽ ആയുഷ് മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള തുക അനുവദിച്ചിട്ടില്ല. എന്നിരുന്നാലും, ആയുഷ് ഡിപ്പാർട്ടുമെന്റ് നിലവിൽ വരുന്ന സാഹചര്യത്തിൽ, ആയുർവ്വേദം, ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതു പോലെ, യുനാനി ഡിസ്പെൻസറികൾ കേരളത്തിൽ കൂടുതലായി ആരംഭിക്കുന്നകാര്യം സർക്കാർ തീർച്ചയായും പരിഗണിക്കുന്നതാണ്. എൻ.എച്ച്.എം. ഫണ്ടിൽ 80 ശതമാനമാണ് ചെലവഴിച്ചതെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. കേന്ദ്രം ലഭ്യമാക്കുന്നതിനേക്കാൾ കൂടുതൽ തുക ഇവിടെ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഈ ആവശ്യം പരിശോധിച്ചിട്ട് തീർച്ചയായും അതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

IV മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 1899, 1901 പതിമൂന്നാം സമ്മേളനത്തിലെ 29, 30 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

LIBRARY ARCHIVES Kerala Legislative Assembly